പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1208

06/02/2020-ൽ മറുപടിയ്ക്ക്

**പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനങ്ങൾക്കാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ചാലക്കുടി മണ്ഡലത്തിലെ ചുവടെ പറയുന്ന വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്.<br>1. കിഫ്ബിയുടെ 5 കോടിരൂപ ധനസഹായത്തിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി ചാലക്കുടി ഗവൺമെന്റ് വി.എച്ച്.എസ്.എസിനെ തെരഞ്ഞെടുത്തിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>2. കിഫ്ബിയുടെ 1 കോടി രൂപ ധനസഹായത്തിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി ജി.എച്ച്.എസ്.എസ് ചായ്പ്പാൻകുഴി, ജി.എച്ച്.എസ്.എസ് കൊടകര എന്നീ സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും നിർമ്മാണത്തിനുള്ള എസ്.പി.വി യായി 'കില'യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) അന്താരാഷ്ട്ര നിലവാരമുള്ള ഹൈസ്കൂളായി ഉയർത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള ചാലക്കുടി ജി.വി.എച്ച്.എസ്. എസ്. കോമ്പൗണ്ടിൽ പ്രവർത്തിച്ചു വരുന്ന എൽ.പി. വിഭാഗം, വി.എച്ച്.എസ്.സി. വിഭാഗം, ടി.ടി.ഐ. വിഭാഗങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ചാലക്കുടി ജി.വി.എച്ച്.എസ്.എസിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്ലാൻഫണ്ടിൽ ഉൾപ്പെടുത്തി 2018-19 വർഷം 1 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ PWD മുഖാന്തിരം പുരോഗമിച്ചു വരുന്നു. |

Namitha P

**സെക്ഷൻ ഓഫീസർ**